# Official Spokesperson's response to media queries on developments in Sri Lanka

May 10, 2022

**ശ്രീലങ്കയിലെ സംഭവവികാസങ്ങളെക്കുറിച്ചുള്ള മാധ്യമചോദ്യങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**
**മെയ് 10, 2022**

**ശ്രീലങ്കയിലെ സംഭവവികാസങ്ങളെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി ഔദ്യോഗിക വക്താവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു:**

"ചരിത്രപരമായ ബന്ധങ്ങളുള്ള ശ്രീലങ്കയ്ക്ക് ഏറ്റവും അടുത്ത അയൽരാജ്യമെന്ന നിലയിൽ, അതിന്റെ ജനാധിപത്യത്തിനും സ്ഥിരതയ്ക്കും സാമ്പത്തിക വീണ്ടെടുക്കലിനും ഇന്ത്യ പൂർണ്ണ പിന്തുണ നൽകുന്നു.ഞങ്ങളുടെ 'അയൽ രാജ്യങ്ങൾക്ക് മുൻഗണന' നയത്തിന് അനുസൃതമായി, ശ്രീലങ്കയിലെ ജനങ്ങൾക്ക് അവരുടെ നിലവിലെ ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനായി ഈ വർഷം മാത്രം 3.5 ബില്യൺ യുഎസ് ഡോളറിന്റെ സഹായം ഇന്ത്യ നൽകിയിട്ടുണ്ട്. കൂടാതെ, ഭക്ഷണം, മരുന്ന് തുടങ്ങിയ അവശ്യ വസ്തുക്കളുടെ ദൗർലഭ്യം ലഘൂകരിക്കുന്നതിന് ഇന്ത്യയിലെ ജനങ്ങൾ സഹായം നൽകിയിട്ടുണ്ട്.

ജനാധിപത്യ പ്രക്രിയകളിലൂടെ ശ്രീലങ്ക പ്രകടിപ്പിക്കുന്ന, അവിടുത്തെ ജനതയുടെ മികച്ച താൽപ്പര്യങ്ങളനുസരിച്ചു ഇന്ത്യഎപ്പോഴും പ്രവർത്തിക്കുന്നതാണ്.

**ന്യൂ ഡെൽഹി**
**മെയ് 10, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.